63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 950 Participant Code: 327

വേഗത്തിൽ നീങ്ങുന്ന ഘടികാരസൂചി.

തിരികെ പടിക്കാത്തവ

പതിവിനു വിപരീതമായി അന്ന് കാറ്റ് പോലും ദിശ മാറി വീശിയിരുന്നു. ഉറക്കച്ചടവ് വിട്ടുമാറാത്ത കുറിഞ്ഞിപ്പൂച്ച ഞരക്കലോടെയും മൂളലോടെയും ഒന്ന് കോട്ടുവാ ഇട്ടു. വിജനമായ പ്രദേശത്തെ ഒറ്റപ്പെട്ട ആ വീട് ഒരു അത്ഭുതമാറ്റത്തിനായ് കൊതിച്ചു.

× × ×

"കുരിശുപള്ളി... കുരിശുപള്ളി..."

വിൻഡോയിലൂടെ വീശുന്ന ഇളംകാറ്റിന്റെ തലോടലിൽ ഒന്ന് മയങ്ങിപ്പോയ ദേവതീർത്ഥ കണ്ടക്ടറുടെ ശബ്ദത്തിൽ ഞെട്ടിയുണർന്നു.

"കൊച്ചേ... ഇതാ നീ പറഞ്ഞ സ്ഥലം. ഒന്ന് പെട്ടെന്ന് ഇറങ്ങിയിരുന്നേൽ ഞങ്ങൾക്ക് അടുത്ത സ്റ്റോപ്പിൽ അങ്ങിറങ്ങാനുണ്ട്..."

"ഇതു തന്നെയല്ലേ ചേട്ടാ...?"

അവൾ ഒന്നുകൂടെ ഉറപ്പുവരുത്താനായ് ചോദിച്ചു.

"ദേ... കൊച്ചേ എന്റെ വായിലിരിക്കുന്നത് വെറുതെ കേക്കണ്ട... ഇതാണ് കുരിശുപള്ളി..."

അത് കേട്ടതും അവൾ പല്ല് മുഴുവനായ് കാണാൻ പറ്റുന്ന രീതിയിൽ ഒന്ന് ചിരിച്ചു കൊടുത്ത ശേഷം വേഗം ബസ്സിൽ നിന്ന് ഇറങ്ങി. അതിനായ് കാത്തുനിന്ന പോലെ ബസ്സ് കാറ്റുപോലെ അകന്നുപോയി.

x x x x

"ചേട്ടാ... ഈ പാലമുറ്റം വീട് എവിടെയാണെന്ന് ഒന്ന് പറഞ്ഞു തരാമോ?"

മുന്നിൽ കണ്ട ഒരു തട്ടുകടയിലെ ചേട്ടനോട് അവൾ ചോദിച്ചപ്പോൾ അവിടെയിരുന്ന മുഴുവൻ മനുഷ്യരും അതിനിടുന്ന് ആരോ എറിഞ്ഞു കൊടുത്ത ബിസ്കറ്റ് കഴിച്ചു കൊണ്ടിരുന്ന രണ്ട് തെരുവ്നായ്ക്കളും ഒക്കെ അവളെത്തന്നെ നോക്കി.

"പാലമുറ്റം വീടോ... ഇവിടെ അങ്ങനെയൊരു വീട് ഇല്ലല്ലോ മോളേ... മോള് എവിടുന്ന് വരുന്നതാ... എന്തിനാ മോൾക്ക് അവിടത്തെ ആവശ്യം?"

അയാളുടെ സംസാരം കേട്ടപ്പോൾ തന്നെ ആദ്യം പറഞ്ഞത് കള്ളമാണെന്ന് അവൾക്ക് പിടികിട്ടി.

"അങ്ങനെയൊരു വീട് ഇല്ലല്ലോ ചേട്ടാ... പിന്നെന്തിനാ എന്റെ ആവശ്യം അറിഞ്ഞിട്ട്..."

അത് കേട്ടതും അയാളൊന്ന് വിളറിപ്പോയി. ശേഷം മെല്ലെ കടയ്ക്കകത്ത് നിന്നും പുറത്തേക്ക് വന്നു.

"മോൾ ആവശ്യം പറഞ്ഞാൽ ഞാൻ ആ വീട് എവിടെയാണെന്ന് കാട്ടിത്തരാം"

അയാളുടെ പെരുമാറ്റത്തിലും ഭാവത്തിലും പെട്ടെന്നുണ്ടായ മാറ്റം അവളുടെ ചൊടിയിൽ പുഞ്ചിരി വിരിയിച്ചു.

"ഞാൻ ഒരു നോവൽ എഴുതാൻ ആഗ്രഹിക്കുന്നു. അതും ആ വീടിനെ പശ്ചാത്തലമാക്കി."

"മോളേ മോൾക്ക് വേണമെങ്കിൽ ദാ... ഈ തട്ടുകട വെച്ച് വേണമെങ്കിൽ കഥയോ കവിതയോ എന്ത് വേണമെങ്കിലും എഴുതിക്കോ... പക്ഷേ ആ വീട്ടിൽ മോള് പോകണ്ട. അതൊരു ഒറ്റപ്പെട്ട സ്ഥലമാണ്. ഷേ ഒരു പെൺകുട്ടി അവിടെ തനിച്ച്..."

| | | |
|---|---|---|
| 63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram | | |
| Item Code: 950 | | Participant Code: 327 |

"ചേട്ടാ... ഞാൻ തനിച്ചല്ല എന്റെ അപ്പയും അമ്മയും ഉണ്ട് എന്റെ ഒന്നിച്ച്... ചേട്ടൻ എവിടെയാണെന്ന് പറഞ്ഞാ മതി. ബാക്കി ഞാൻ നോക്കിക്കോളാം."

അതു കേട്ടതും അയാൾ ഒന്ന് ആലോചിച്ചശേഷം വഴി പറഞ്ഞു കൊടുത്തു.

× × × × ×

ജംങ്ഷൻ കഴിഞ്ഞ് ഇടത്തോട്ടുള്ള വഴിയിലൂടെ നടക്കുമ്പോൾ 'ഇനിയെന്ത്' എന്ന ചിന്ത അവളുടെ ബോധമണ്ഡലത്തെ വേട്ടയാടിക്കൊണ്ടിരുന്നു. എങ്കിലും "കുരിശുപള്ളി" എന്ന ഈ തീരുഗ്രാമത്തിൽ കാല് കുത്താൻ കഴിഞ്ഞത് തന്നെ തന്റെ ഭാഗ്യമായ് അവൾ കരുതി.

× × × × ×

മുന്നിൽ കാണുന്ന ഒരു ശക്തമായി കാറ്റടിച്ചാൽ ഭൂമിയെ ചുംബിക്കാൻ മാത്രം പാകമായിരിക്കുന്ന പഴകിയ ഓടിട്ട കെട്ടിടത്തെ സൂക്ഷ്മമായ് നിരീക്ഷിച്ചുകൊണ്ട് അവൾ കാലടികൾ മുന്നോട്ടുവെച്ചു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

വാതിൽ തുറക്കുന്ന ശബ്ദം കേട്ട് കുറിഞ്ഞിപ്പൂച്ച ഞെട്ടി മുരൾച്ചിലോടെ ഉറക്കിൽ നിന്ന് ഉണർന്നു. പുതിയ അതിഥി ആരായിരിക്കും എന്ന സംശയത്തോടെ ചുമരും തറയും തമ്മിൽ ഒരു വാക്കുതർക്കം തന്നെ ഉണ്ടായി.

× × × ×

അകത്തു കയറിയവൾ പ്രയാസപ്പെട്ടുകൊണ്ട് സ്വിച്ച്-ബോർഡ് കണ്ടെത്തി മുറിയിലാകെ പ്രകാശം പരത്തി.

× × × ×

ശബ്ദം പുറത്തുവരാതെ ചുണ്ടുകൾ കൂട്ടിപ്പിടിച്ച് വിതുമ്പുന്നവളെ കണ്ട് ചുമരിലെ രണ്ട് പല്ലികൾ വിലപിച്ചു.

'അപ്പാ... അമ്മാ... ഞാൻ ഇവിടെ തനിയെ എത്തിയതല്ല... ഈശ്വരൻ കൊണ്ടെത്തിച്ചതാ എന്നെ...'

വീണ്ടും എന്തൊക്കെയോ പറഞ്ഞ് ഏങ്ങിക്കരയുന്നവളെ ഒന്നാശ്വസിപ്പിക്കാൻ പോലും ആരുമുണ്ടായിരുന്നില്ല. ചുമരിൽ തൂങ്ങിയാടുന്ന പഴയ ഒരു ഫോട്ടോ ഫ്രെയിമിലേക്ക് വീണ്ടും അവളുടെ നിറഞ്ഞ കണ്ണുകൾ ചെന്നെത്തി.

ഒരു സ്ത്രീയും അവരുടെ ഭർത്താവും ഒരേപോലെയിരിക്കുന്ന രണ്ട് പെൺകുട്ടികളും അടങ്ങുന്നതായിരുന്നു ആ ഫോട്ടോ... അവൾ പതിയെ ആ ഫ്രെയിം കൈയ്യിൽ എടുത്തതും പിന്നിലായ് എന്തോ എഴുതിയതായ് തോന്നി.

'لا تيأس'

"തളരരുത്"

അറബിഭാഷയിൽ എഴുതിയ വാക്കിൽ അവൾ ഒരു നിമിഷം കുരുങ്ങി നിന്നു. എന്താണ് അതുകൊണ്ട് ഉദ്ദേശിച്ചത് എന്ന് അവൾക്ക് എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ലായിരുന്നു. താൻ ഇവിടെ വന്നതല്ല, മറിച്ച് ഈശ്വരൻ എത്തിച്ചതാണ് എന്നതും ഈ വാക്കും എല്ലാം വെച്ച് നോക്കുമ്പോൾ തന്റെ ദൗത്യങ്ങൾ അവസാനിച്ചിട്ടില്ല. ഇനിയും താൻ എന്തൊക്കെയോ ചെയ്ത് തീർക്കാനുണ്ട് എന്ന ചിന്തയും അവളിൽ പിടിമുറുക്കി. കണ്മുന്നിൽ ചേതനയറ്റ നാല് ശരീരങ്ങളുടെ ചിത്രം തെളിഞ്ഞുവന്നതും കണ്ണുകളെ ഇറുക്കെ അടച്ചുകൊണ്ട് അവൾ നിന്നു.

× × × ×

'എനിക്ക്... പിന്നീടെന്ത് സംഭവിച്ചു?'

മുന്നിൽ ഇരിക്കുന്നവരെ നോക്കി നേർമ്മയായ് ഒന്ന് മന്ദഹസിച്ചുകൊണ്ട് അവൾ പറയുന്നു.

'എന്റെ അഞ്ചു വയസ്സിൽ എനിക്ക് എന്റെ അപ്പയെയും അമ്മയെയും നഷ്ടപ്പെട്ടു. ശരിക്കും ഒറ്റപ്പെടലിന്റെ വേദന അനുഭവിച്ച് വളർന്ന ഒരാളാണ് ഞാൻ... പിന്നീട് സ്കൂളിൽ പഠിക്കുമ്പോഴാണ് ദിയയെയും മിയയെയും ഞാൻ പരിചയപ്പെട്ടത്. ഒരു കൂട്ടുകാരി എന്ന രീതിയിൽ അല്ല അവരുടെ കൂട്ടത്തിലെ ഒരാൾ ആയി-ത്തന്നെയാണ് എന്നെ അവർ കണ്ടത്. പത്താം ക്ലാസ്സ് കഴിഞ്ഞപ്പോ അവര് വീടുമാറിപ്പോയി. കുറിശുപക്ഷി. എന്നെ ഒരു ഗ്രാമത്തിലേക്ക്. ഞാനാണെങ്കിൽ ആരുടെ-യൊക്കെയോ സഹായം കൊണ്ട് വിദേശത്ത് തുടർപഠ-നത്തിനായ് പോന്നു. ഒരു ദിവസം എനിക്കൊരു ഫോൺകോൾ വന്നു. മിയ ആയിരുന്നു സന്തോഷത്തോടെ ഫോണെടുത്ത ഞാൻ അവരുടെ കരച്ചിൽ കേട്ട് ശരിക്കും ഞെട്ടിപ്പോയി.

കാരണം തിരക്കിയപ്പോ കാര്യമായിട്ട് ഒന്നും പറഞ്ഞില്ല. കാണണം എന്ന് പറഞ്ഞു. ഒരു ക്രിസ്മസ് ലീവ് ഉണ്ടായിരുന്ന ദിവസം ഞാൻ അവർക്ക് സർപ്രൈസ് നൽകാം എന്ന ഉദ്ദേശത്തോടെ നാട്ടിലേക്ക് ചെന്നു. പക്ഷെ, ഞാൻ നൽകുന്ന സർപ്രൈസ് കാണാൻ അവർ ജീവനോടെ ഉണ്ടായിരുന്നില്ല."

അത്രയും പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവൾ വീണ്ടും വിതുമ്പിപ്പോയിരുന്നു.

'എന്നിട്ട്... എന്താ ഉണ്ടായെ?'

"ആരും ഒന്നും പറഞ്ഞില്ല. ആത്മഹത്യ ആയിരുന്നത്രേ." പക്ഷെ, ഞാൻ വിശ്വസിച്ചില്ല. അവരുടെ മരണശേഷം ആ വീട് ആൾതാമസമില്ലാതെ പൂട്ടിക്കിടന്നു. അന്ന് ഞാൻ പോയപ്പോൾ അവിടെ ഉണ്ടായിരുന്ന ദിയ എഴുതിയ ഒരു ഡയറി കിട്ടി.'

× × × ×

"സമയമായിരിക്കുന്നു..''

പുറംചട്ടയിൽ എഴുതിയ വരികൾ കണ്ട്

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

അവൾ ഒന്ന് ഞെട്ടി ചിരിച്ചു. പക്ഷെ അത് തുറന്നു നോക്കിയപ്പോൾ, അതിൽ ഉള്ളത് വായിച്ചപ്പോൾ ....

× × × ×

"പ്രിയ അവൾ ഒരു പാവം ആയിരുന്നു. ഒരു കുരുത്തക്കേടും ഒപ്പിക്കാത്ത പാവം കുട്ടി. അവളെ ഒരു സഹപാഠി സ്നേഹം നടിച്ച് വിശ്വസിപ്പിച്ച് അവസാനം അവളെ ഉപയോഗിച്ച ശേഷം വഞ്ചിച്ചു കടന്നുകളഞ്ഞു".

"അവൻ ഏതോ വലിയ പണച്ചാക്കിന്റെ മകൻ ആയതുകൊണ്ട് നിയമം അവനുനേരെ തിരിഞ്ഞില്ല. പകരം പരാതിയുമായ് ചെന്ന അവരെ അപമാനിച്ചു വിട്ടു".

"നാട്ടിലും വീട്ടിലും നിൽക്കാൻ കഴിയാതായപ്പോൾ ആ കുടുംബം അവരുടെ ജീവനൊടുക്കി".

"പക്ഷെ, ഇപ്പോ അവർക്ക് നീതി ലഭിച്ചു. മരിച്ചവർക്ക് എന്ത് നീതി, അല്ലേ?"

× × × ×

"മറ്റൊരു പെൺകുട്ടിക്കും ഇങ്ങനൊരവസ്ഥ ഉണ്ടാവാൻ ഇനി ഞാൻ സമ്മതിക്കില്ല."

"സ്ത്രീ... അമ്മയാണ്, ദേവിയാണ്, ദൈവമാണ്." ഇതൊന്നും അറിയാത്ത ഒരാളും ഇനി സുഖിച്ച് ജീവിക്കില്ല.

x x x x

സമയം വളരെ കുറവായിരുന്നു. എങ്കിലും പരിശ്രമിച്ചു. അവസാനം വിജയിച്ചു. കഴിഞ്ഞു പോകുന്ന സമയം ഒരിക്കലും തിരികെ വരില്ല.

x x x x

ബാഗും സാധനങ്ങളും എല്ലാം എടുത്ത് പുറത്തു-നിന്നും അടച്ച് വീതിയേറിയ മൺ കവാടത്തിലൂടെ അവൾ നടന്നുനീങ്ങി.

x x x x

പിന്നാമ്പുറത്തെ അലക്കുകല്ലിനു മുകളിൽ തന്റെ താൽക്കാലിക യജമാനത്തി നടന്നുനീങ്ങുന്നത് നോക്കി കുറുഞ്ഞിപ്പൂച്ച ഒന്നു കരഞ്ഞു... ശേഷം ഒന്ന് ഞരങ്ങി, മൂരി താഴെയിറങ്ങി....

x x x

തോൽക്കുമെന്ന് ഉറപ്പുള്ള ഒരു യുദ്ധം... അത് സ്വന്തം ജീവൻ ആയുധമാക്കി പൊരുതി. വിജയിച്ചു.